
e-ജാലകം
GHSS PBVR 27006

## ആമുഖം

ക്ലാസ് മുറിയിലെ പ്രകടനം മെച്ചപ്പെടുന്നതിനുള
ള ഓട്ടതിനിടയിൽ കുട്ടികളുടെ കലാ കായിക കഴിവുകൾ പല്ലപ്പോഴും അവഗണിക്കുന്ന ഒരുാവസ്ഥയാണ് ഇന്ന്കണ്ടുകൊണ്ടിയിക്കുന്നത്. എന്നാൽ കുട്ടികളുടെ ഇത്തരത്തിലുള്ള കഴിവുകൾ പ്രകടിപ്പിക്കുന്നതിനു വേണ്ടി പല്ലപ്പോഴും സ്കൂളിൽ പതിപ്പുകൾ തയ്യാറാക്കറുണ്ട് . അത്തരത്തിൽ കുറഞ്ഞ സമയത്തിനുള്ളിൽ തയ്യാറാക്കിയ ഈ പതിപ്പ് കൗമാര മനസ്സുകൾക്ക് അൽപം ആശ്വാസം പകരുന്ന ഒന്നാണ്.കൗമാരക്കരുടെ പ്രായക്കാരുടെ പ്രവർത്തനഫലമായ ലേഖനങ്ങൾ,കഥ,സന്ദേശം,ചിത്രങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന ഈ പതിപ്പ് കൗമാരക്കാരുടെ ജീവിതത്തിൽ അറിവ് പകർത്താൻ സാധിക്കും എന്ന വിശ്വസിക്കുക.

## ആശംസകൾ

വഴിതെറ്റിപ്പോകുന്ന കൗമാര മനസ്സുകളെയാണ് കുറച്ചു നാളുകളായി നാം കാണുന്നത്. പ്രവർത്തിക്കാൻ ഊർജം ഏറെയുള്ള ഈ പ്രായം നമ്മുടെ കുട്ടികൾ എങ്ങനെ വിനിയോ ഗിക്കുന്നു എന്ന നമ്മൾ അന്വഷിക്കുന്നുണ്ടോ? എന്ന എനിക്ക് സംശയം തോന്നുന്നു.എഴുത്തി ലേക്കും മറ്റ് കലാകായികരംഗങ്ങളിലേക്കും അവരുടെ ശ്രദ്ധ തിരിച്ച് വിടുന്നത് ആരോഗ്യക രമായ പ്രവണതയായി എനിക്ക് തോന്നുന്നു.അ ത്തരത്തിലുള്ള ഈ സംരഭത്തിന് എല്ലാ ഭാവ ങ്ങളും നേരുന്നു.



യൂ.ഏ.അംബിക

എച്ച്.എം

ജി.എച്ച്.എസ്.എസ് പെരുമ്പാവൂർ

# ആശംസകൾ

ഗവ.ഹയർ സെക്കൻഡറി സ്കൂൾ പെരുമ്പാവൂരി ലെ വിദ്യാർത്ഥിനി വിദ്യാർത്ഥികളുടെ കഴിവുകൾ പ്രകടമാക്കുന്ന കുറേ നല്ല രചനകൾ ഇതിൽ കാണാൻ സാധിച്ചു.ഈ കഴിവുകളെ പോഷിപ്പിച്ച് നല്ല നിലയിലേക്ക് എത്തുവാൻ അവരെ ഇനിയും ഇങ്ങനെയുള്ള സംരഭങ്ങളിൽ പങ്കാളികളാക്കുക.ഈ മാസികയ്ക്ക് എല്ലാ വിധ ആശംസകളും നേരുന്നു.



കെ എ അലി

പി റ്റി എ പ്രസിഡന്റ്

# *MESSAGE*

***Learning is not a process limited to schools and collages only nor does it end with the conclusion of one's school life. It is indeed a life long process, Our school is oriented to the total formation of a child and the school acts as a platform for it. We strongly believe that "the heart of education is the education of heart"***

***Bringing out a magazine is not a easy task but it is a venture of the combined efforts of students and teachers. Each issue of our school magazine is a mile stone that marks our growth, in folds our inaugurations and give life to our thoughts and aspirations.***

***I congratulate the entire editorial for their hard work and dedications.***

***Mrs. Sathi Jayakrishnan***
***Chair person***
***Perumbavoor Muncipality***


അമ്മ പരിശീലനം

# EDITORIAL BOARD

ABIN BABU {CHIEF EDITOR}

*RASHIDA {EDITOR & KITE LEADER}*

*FANSILA*

*MUFEEDA*

*MURSHIDA*

*MUHAMMED.A*

*MUHAMMED SAHAL.M.F*

*MUHAMMED SHAFI.K.S*



# LITTLE KITE 2018-21



# KITE MISTRESS

## SHAJEENA.M.A AND ANITHA M.G

# MY DREAM

**I have a dream in my mind...**
**And that is every thing for me...**
**I have a wish in my mind ...**
**And that is everything for me...**
**I,ll not say what is that...**
*They are my dreams...*

Muhammed Fahiz

IX B



# സ്വപ്ന സാഫല്യം

ചീഫ് എഡിറ്റർ

അബിൻ ബാബു

കരകാണാക്കടലിൽ ദ്വീപുകൾ ഉള്ളത് പോലെ ഏതു കൂരിരുട്ടിലും വെളിച്ചമുണ്ട്.അതു നമ്മുടെ സ്വപ്നങ്ങളാണ്.മഹാ കവി കുമാരനാശാൻെറ ഈ വരികൾ സ്വപ്നത്തിൻെറ സാധ്യത വിളിച്ചോതുന്നു.കഷ്ടപ്പാടുകളും ദുഖാനുഭവങ്ങളും കൊണ്ട് ജീവിതം ഇരുളടഞ്ഞ് പോകുന്നു എന്ന് തോന്നുമ്പോഴും ഒരു മിന്നാമിനുങ്ങിൻെറ കുഞ്ഞു വെളിച്ചമെങ്കിലും ഈശ്വരൻ നമുക്കായി കരുതി വച്ചിട്ടുണ്ടാകും.നിരാശയിൽ തളർന്നു പോകാതെ ആ വെളിച്ചത്തിലൂടെ കുറച്ച് ആയാസപ്പെട്ടാണെങ്കിലും നാം സഞ്ചരിക്കണം.ചെന്നെത്തുന്നത് വെളിച്ചത്തിൻെറ ഒരു കൂടാരത്തിലേക്കാകാം.

അക്ഷരങ്ങളിലെ വെളിച്ചം നിങ്ങളുടെ ചിന്തകളെ ദീപ്തമാക്കട്ടെ.വീടിനും നാടിനും രാജ്യത്തിനും തന്നെയും നേട്ടമാകുന്ന സ്വപ്നങ്ങൾ നിങ്ങളെ മുന്നോട്ട് നയിക്കട്ടേ.കളങ്കമില്ലാത്ത സ്നേഹത്തിൻെറ നിലയ്ക്കാത്തൊരുറവ നിങ്ങളുടെ ഹൃദയത്തെ എന്നും ആർദ്രമാക്കട്ടെ.കാലത്തിൻെറ കുത്തൊഴുക്കിൽ ഒലിച്ചുപോകാത്ത കുറേ നല്ല ഓർമകൾ ബാല്യത്തിൻേറതായി ബാക്കിയുണ്ടാകണം.നിങ്ങളുടെ സ്വപ്നങ്ങൾക്ക് അത് നിറം പകരണം.ആ ഊർജത്തിൽ നിന്ന് ഉയരങ്ങളിലേക്ക് കുതിക്കാൻ കഴിയണം.അങ്ങനെ നിങ്ങൾ കാണുന്ന എല്ലാ സ്വപ്നങ്ങളും സഫലമാകട്ടെ.



-

# ജീവൻ

എരിയുന്ന  മനസ്സിൽ തളം കെട്ടിയ നൊമ്പരത്താൽ
കരയുന്നതോ ജീവിതം അർത്ഥമില്ല വേളയിൽ
ചലനങ്ങൾ മാത്രം നോക്കി സ്തംഭിച്ച നിന്നിടും
ബോധപൂർവ്വം സന്തോഷ ശ്രുതിയാലാഞ്ഞിടാൻ
അളവറ്റ സ്നേഹം മികവോടെ വന്നിടും
ആശ തൻ മനസ്സിൽ നിറകുടമായ്
ജീവിതം എന്തോർത്ത്‌ തീർത്തിടുവാൻ
കരഞ്ഞൊരു കണ്ണീർ പുടങ്ങൾ ഇല്ല തന്നെ
ചലിച്ചിടാം ഒരു പാവയെ പോലെയെന്നും
കൗതുകമുയർത്തുന്ന ജീവിതത്തിലേറുവാൻ
ക്ലേശമാണെങ്കിലും മറച്ചുവച്ചിടങ്ങളിലും
ഓർമ്മകൾ മാത്രം നിറഞ്ഞു പെയ്തുപോയി.....

*മുഹമ്മദ് ഷാഫി കെ.എസ്*



*IX ബി*

# കുഞ്ഞു മനസ്സിലെ വലിയ നന്മ

വെക്കേഷൻ പൂർത്തിയായി.സ്കൂൾ തുറന്നു,മനു സ്കൂളിലേക്ക് തൻെറ അമ്മയോടൊപ്പം പോയി. അവൻ നന്നായി പഠിക്കുന്ന കുട്ടിയാണ്.അവൻെറ അഛന് വിദേശത്താണ് ജോലി.അമ്മ അവൻെറ സ്കൂളിലെ ടീച്ചറാണ്.സ്കൂളിൽ എത്തിയ അവന് കുറേ കൂട്ടുകാരെ കിട്ടി. അങ്ങനെ ദിവസങ്ങൾ കടന്നു പോയി.പരീക്ഷയുടെ സമയമായി.കുറച്ച് ദിവസത്തേക്ക് അവൻെറ അമ്മക്ക് രാവിലെ നേരത്തെ പോകണമായിരുന്നു.അത് കാരണം അവൻ ഒറ്റക്കാണ് സ്കൂളിൽ പോകുന്നത്.എന്നും നടന്ന് പോകുന്ന അവൻ ഒരു അമ്മൂമയുമായി പരിചയം പുലർത്തിയിരുന്നു.കുറച്ച് ദിവസത്തേക്ക് ആ അമ്മൂമ്മയെ കണ്ടില്ല.കാരണം തിരക്കിയപ്പോൾ ആഅമ്മൂമ്മ കുറച്ച് ദിവസങ്ങളായി ഭക്ഷണം കഴിച്ചിട്ടില്ലെന്നും അതിനാൽ തളർന്നിരിക്കുകയാണെന്നും മനസ്സിലായി.പിന്നീടെപ്പോഴും അവൻെറ ഭക്ഷണം അമ്മൂമ്മക്ക് കൊടുത്തിട്ടായിരുന്നു അവൻെറ പോക്ക്.കുറച്ച് ദിവസങ്ങളായി മനു ചോറ്കൊണ്ട് വരാത്തതിൻെറ കാരണം ടീച്ചർ ചോദിച്ചപ്പോൾ മനു ഈ കാരണങ്ങൾ ടീച്ചറോട് പറഞ്ഞു.അവൻെറ ഈ സ്വഭാവത്താൽ മനു സ്കൂളിലെയും നാട്ടിലെയും അറിയപ്പെട്ടവനായി മാറി.

Mufeedha
IX B



# MY DREAM

I have a dream in my mind...
And that is every thing for me...
I have a wish in my mind ...
And that is everything for me...
I,ll not say what is that...
They are my dreams...

Muhammed Sahal M.F

IX B



# സ്നേഹം

സ്നേഹമെന്ന വാക്കിൻറ ഉള്ളില്
അറിയാതെ അലതല്ലും വിങ്ങലല്ലേ
ആരും ഓറ്ക്കാതെ തെന്നെ ചൊടിയില്
പൊട്ടിവിടരുന്ന നാമ്പല്ല
ഉണന്ന നിമിഷങ്ങള് സന്തോഷമെങ്കിലും
ഉറക്കം ഇരുട്ടിൻറ സാന്തവനമായ് മാറും
ഇവിടെയും വാത്സല്യ സ്നേഹമുണ്ടെങ്കിലും
അറിയുന്നോ നാം ആ സ്നേഹമെന്താണെന്ന്
പർവത നിരകളിലെ നീരുവെയും
പാദങ്ങല് എത്റയോ തൊട്ടു തലോടി
മുകളില് നിന്ന് താഴേക്ക് ഒലിച്ചിറങ്ങി
സ്നേഹമോടെ ശുദ്ധി എന്ന വിരുന്നിനെ വിലിച്ചിരുത്തി
ആരോടും ദയ തത്ത കാട്ടി വിലസുന്ന
അതിനുള്ളില് താഴവിൻറെ സന്തോഷമെങ്ങും
ശുദ്ധികൊണ്ട് അതുതന്നെ സ്നേഹമാക്കി
മാറിടം പിളർത്തിയ ആ പർവതാമ്മ
സ്നേഹത്തിൻ മുന്നില് താഴ്ന്ന നിന്നു
തീഷ്ണമായ സ്നേഹമൊന്നോർത്തീടാൻ
നമ്മളിലിതാർക്കു എന്നുനേരം
തൊട്ടറിയാൻ ആവേശ സ്നേഹവായ്പിനാല്
ഏറെനാള് തപസ്സാല് ഇരുന്നീടണം
മനസ്സിൻറ ശുദ്ധിയാല് സ്നേഹം തിളങ്ങിയാല്
അശുദ്ധിയാല് മാറിയാല് നേരമേറെ വേണ്ടതാനും
നെഞ്ചിലേറി കെണി വച്ച സ്നേഹം
നെഞ്ചോട് ചേത്താല് പിരിയാത്ത സ്നേഹം

SahidaParveen



# പ്രിയ അധ്യാപകരേ......

അറിവാകുന്ന പ്രകാശം കൊണ്ട്
അന്ധകാരത്തെ അകറ്റുന്ന എന്റെ
പ്രിയ അധ്യാപകരെ ഒരിക്കൽ കൂടി
നന്ദിയുടെ കൂപ്പുകൈ........

സ്നേഹത്തിന്റെ-വിനയത്തിന്റെ
ആദ്യാക്ഷരങ്ങളെ ഊട്ടിയുറപ്പിച്ച
സ്നേഹവാത്സല്യങ്ങൾക്ക് വീണ്ടും കൂപ്പുകൈ.........

പരാജയങ്ങളല്ല വിജയത്തിന്റ ആദ്യ ചുവടുവെപ്പ്
മറിച്ച് തെറ്റുകൾ തിരുത്തലാണ്
വിജയത്തിന്റ ആദ്യപടിയെന്ന് ഉദ്ഘോഷിച്ച........

ഗുരുവേ നിന്നിൽ ഞാൻ വിശ്വാസത്തിന്റ..........
ആശ്വാസത്തിന്റെ....ആത്മവിശ്വാസത്തിന്റെ .....



അച്യുത്
IX ബി

# ഞങ്ങളുടെ വിദ്യാലയം





മാഗസിൻ നിർമ്മാണത്തിൽ

# തെറ്റോ ശരിയോ

അറിയാതെ ചെയ്യുന്നത് തെറ്റെന്നറിഞ്ഞിടാൻ
അറിഞ്ഞൊരു തെറ്റിനെ ശരിയാക്കി മാറ്റുന്നതെങ്ങനെ  ആരാണ് ഈ
കുട്ടിനെ ത്വരിതമാക്കുന്നത് ഇനിയും ആവത്തനം അല്ലാത്തതല്ലയോ
ശരിയായി ഗണിച്ചുരുവിടുന്നതെങ്കിലും തെറ്റാണതിലും
വന്നുച്ചേന്നിടുകയാല്
നിറയുന്നു അതിനും വേദനയുടെ ഗണങ്ങള്
അതു തന്നെ ഉള്ളല് ചഞ്ചലമെങ്കില്
അതിനാല് വ്യസനത്തിൻ കൂട്ടുമകന്നിടും
ഓർത്തു ദ്രമിച്ചതെന്തിലാണെങ്കിലും
അതു തന്നെയല്ലോയോ സ്വാന്തനമാകുക
പാവ പ്രതിച്ഛായയുടെ ഉമ്മറത്തിരുന്നിട്ടും
തിളക്കമോ ശരിയെന്ന ലാജ്ജന തന്നയാ
നിറമെത്ര കട്ടി കരളില് നിറച്ചാലും
മായാത്ത സംത്രുപ്തി നല്കുന്നില്ലതൊന്നിലും



അലിഫ് റഹ്മാൻ
IX ബി

# THE TEACHER


- My dream is to become a teacher .

- Because she is always very happy
- She loves the children .
- She knows beautiful stories.
- She sings and dances with children.
- If anyone does a mistake she will correct it.
- So I like to became a teacher.
- And it is my dream .

Muhammed Baharudheen
IX B

# സ്നേഹത്തിൻ ചിറകുകൾ

**ഹരി ഏഴിൽ പഠിക്കുന്നു.അവൻ ഒരു മികച്ച കുട്ടിയാണ്. ഹരിക്ക് പുതിയ വീട് പണിയുന്നു. ഇത് തോമസ് അറിഞ്ഞപ്പോൾ അവന് ദു;ഖം തോന്നി .ഈ സംഭവം ഹരി അറിഞ്ഞു.ഹരി തോമസിനോട് സംഭവം തിരക്കി. തോമസിന് വീടില്ലാത്ത വിവരം അപ്പോഴാണ് ഹരി അറിയുന്നത് .ഇത് വീട്ടുകാരോട് പറഞ്ഞു.ഹരിയുടെ അച്ഛനാകട്ടെ പണത്തിന് വേണ്ടി നെട്ടോട്ട മോട്ടുകയാണ്. അത് കൊണ്ട് അവനെ സമാധാനിപ്പിച്ചു .പിറ്റേ ദിവസം മുതൽ അവൻ അലസനായിരുന്നു. ഇതിൻെറ കാരണം ടീച്ചർ തിരക്കി.കാരണങ്ങൾ മനസ്സിലാക്കിയ ടീച്ചറും കുട്ടികളും തോമസിന് വീടുണ്ടാകാനുള്ള സഹായങ്ങൾ നൽകി.**



ഫൻസീല .ഇ.വി

# പുതിയ പുലരിക്കായ്......

വൈകിട്ട് കാണാം ഒരസ്തമയം
ആകാശത്തെങ്ങും ചെഞ്ചാറു വിതറിയപോൽ
താഴ്ന്നൊരു വദനവുമായ്
സൂര്യൻ കടലിൻെറ ആഴങ്ങളിൽ മുങ്ങുന്നു.
സൂര്യകാന്തി കൂമ്പുന്നു
ഉരുളുന്നു ഭൂമുഖവും
പുതിയ പുലരിക്കായ് കാത്തിരിക്കാം
പുതിയ സ്വപ്നങ്ങൾതളിർക്കാനും പൂക്കാനും
ഒരു പുതിയ സൂര്യനായ് കാത്തിരിക്കാം.



ഫാഹ്മിൻ ഖാദർ
IX ബി

# നിരാലംബർ

കാരാളർ ആദിവാസി ഊരിലെ ഒരു കുടിലിലാണ് പാറമടത്തൊഴിലാളിയായ രാജൻ താമസിക്കുന്നത്.തൻെറ അമ്മയും,രണ്ടര വയസ്സുള്ള ഇരട്ടക്കുട്ടികളുമാണ് രാജൻെറ കുടുംബം.ഭാര്യ രാധ കുട്ടികളുടെ ജന്മത്താൽ മരണപ്പെട്ടിരുന്നു.അതുകൊണ്ട്തന്നെ രാജൻെറ അമ്മയായിരുന്നു കുട്ടികളെ നോക്കിയിരുന്നത്.രാജൻ പാറമടയിൽ ജോലിക്ക് പോയാൽ ആഴ്ചകളെത്തിയേ വരൂ. തനിക്ക് കിട്ടുന്ന തുഛമായ കൂലി കൊണ്ട് അവൻ കുടുംബത്തെ നോക്കിയിരുന്നു.ഒരു നാൾ അവൻ വീട്ടിലെത്തിയപ്പോൾ ഊരിലാകെ ഒരിനം പനിപടർന്നിരുന്നു.ഒന്ന് രണ്ട് പേർ പനി വന്നു മരിക്കുകയും ചെയ്തു.രാജന് വേവലാതിയായി.അവൻ ജോലിക്ക് പോകും നേരം അമ്മയെ വിളിച്ച് ചുറ്റുപാടും ഉള്ള പനിയെക്കുറിച്ചും അതിനെ പേടിക്കണമെന്നും കുട്ടികളെ പുറത്ത് വിടരുതെന്നും നിർദേശിച്ച് യാത്രയായി.അടുത്ത ആഴ്ച്ച നേരത്തെ വണ്ടിപിടിച്ച് അവൻ വീട്ടിലെത്തി.അമ്മ ദു:ഖത്തോടെ വാതിൽക്കലിരിക്കുന്നതു കണ്ട് രാജൻ ഒന്നു ഭയന്നു.അവൻ ഭയപ്പെട്ടതുപോലെ രണ്ട് കുട്ടികളെയും പനി വേട്ടയാടിയിരിന്നു.ഒരുവന് പനി തീവ്രമായിരുന്നു.അവൻ രണ്ട് കുട്ടികളെയും എടുത്ത് ഊരിനടുത്തുള്ള സർക്കാർ

ആശുപത്രിയിലെത്തി.അമ്മയെങ്കിലും പനിയിൽ നിന്നും ഒഴിവാകട്ടെ എന്നു കരുതി അമ്മയെ വീട്ടിൽ നി ർത്തി.അടിസ്ഥാന സൗകര്യങ്ങളൊന്നു മില്ലാതെ വെറുമൊരു കെട്ടിടം മാത്രമായിരുന്നു ആ ആശുപത്രി.പനി പിടിപെട്ടവരെല്ലാം ഒരു വാർഡിൽ,ചിലർക്ക് കിടക്കയുണ്ട്.വാർഡ് നിറയെ ആളുകളും ശബ്ദകോലാഹലങ്ങളും.ഡോക്ടർമാർ ഒന്ന് എത്തി നോക്കുന്ന പോലുമില്ല.നഴ്സുമാരാകട്ടെ വെറുപ്പും അറപ്പും കാരണം വാർഡിനടുത്തേക്കടുക്കുന്നുമില്ല.രാജൻ ഒഴിഞ്ഞ ഒരു വരാന്തയിൽ അവൻെറ പക്കൽ ഉണ്ടായിരുന്ന പായ വിരിച്ച് കുട്ടികളെ അതിൽ കിടത്തി അവനും ഇരുന്നു.നേരം സന്ധ്യയായപ്പോൾ കൊതുകുകളും പ്രാണികളും കുട്ടികളെ വട്ടമിട്ടു.രാവ് അസഹനീയമായിരുന്നു.അതുപോലതന്നെ പകലും.വൃത്തികേടായി കിടക്കുന്ന നിലം വൃത്തിയാക്കാനോ രോഗികളെ പരിചരിക്കാനോ ദിവസങ്ങളായിട്ടും ആരും വന്നില്ല.കയ്യിലെ പണമെല്ലാം തീർന്നപ്പോൾ അന്ന് രാത്രി കുട്ടികളെയെടുത്ത് വീട്ടിലേക്ക് മടങ്ങി.വീട്ടിലെത്തിയ രാജൻ, ചലിക്കാനാകാതെ പുതപ്പാനടിയിൽ കിടന്ന് പുളയുന്ന അമ്മയെയാണ് കണ്ടത്.ഇത് കണ്ട രാജൻെറ മനം വിങ്ങി.അവൻ അമ്മക്ക് കുറച്ച് വെള്ളമെടുത്ത് കൊടുത്തു.അമ്മ എന്തോ പറയാൻ വെമ്പുന്നത് പോലെ രാജന് തോന്നി. വേദനയോടെ അമ്മ പറഞ്ഞു "മോനേ..എൻെറ ജീവിതം എണ്ണപ്പെട്ടു".ഈ

ദുരിതത്തിൽനിന്നും നീ എങ്ങോട്ടെൻകിലും പൊയ്ക്കോളൂ.. എന്നെ നീ നോക്കണ്ടാ..”ഇത് കേട്ട രാജന് ദു:ഖം സഹിക്കാനായില്ല.അവൻ അമ്മയുടെ ചുങ്ങിയ കവിളിൽ ചുംബിച്ച് കൊണ്ട്മനസ്സില്ലാമനസ്സോടെ കുട്ടികളെയെടുത്ത് എങ്ങോട്ടെന്നില്ലാതെ നടന്നു.ആരും അവനെ ശ്രദ്ധിച്ചില്ല.ഒരു രാവിനും പകലിനും രാജനും കുട്ടികളും സാക്ഷിയായി.അവൻെറ ജീവിതത്തിലെ ദീർഘ പകലും രാവും ആയിരുന്നു അത്.ഇതിനിടയിൽ അവൻെറ രണ്ട് കുട്ടികളും അവൻെറ കയ്യിലിരുന്ന് ചലനമറ്റിരുന്നു.എന്നിട്ടും അവൻ എങ്ങോട്ടോ നടന്നു.രണ്ടാം ദിവസം ആരംഭിക്കുമ്പോൾ അവൻ നടന്ന് ഒരു പുഴവക്കിലെത്തിയിരുന്നു.പുഴയോ? അരുവിയോ..ചുറ്റുമെങ്ങുമാരുമില്ല.നിറയെ കുറ്റിക്കാടുകൾ മാത്രം.എന്തായാലും  അവിടെ നിൽക്കുന്ന ഒരു പാറക്കല്ലിന്മേൽ അവൻ ഇരുന്നു.അവൻ തൻെറ കുട്ടികളെ താഴെ കിടത്തി.അനക്കമറ്റ രണ്ട് നിഷ്കളങ്കമായ മുഖം.....അവൻ അവരെ തുരുതുരാ ചുംബിച്ചു.ആദ്യത്തെ കുട്ടിയെ വേദന കടിച്ചമർത്തിക്കൊണ്ട് അവൻ പുഴയിലൊഴുക്കി.രാജൻ കരഞ്ഞില്ല. അവൻെറ കണ്ണുകൾ നിർജീവമായിരുന്നു.ഒരു പ്രതിമപോലെ അവൻ കുട്ടി ഒഴുകുന്നത് നോക്കി നിന്നു. അടുത്തവനേയും യാന്ത്രികമായി അവൻ പുഴക്ക് കൊടുത്തു.അലകൾക്കൊപ്പം അവൻ ഒഴുകി.രാജൻെറ കൺമുന്നിൽ നിന്ന് മറയുന്നതിന് തൊട്ട്

മുമ്പ് കുട്ടി കൈകാലിട്ടടിച്ച്
നിലവിളിച്ചു."അച്ഛാ...അച്ഛാ...."അവനത് നോക്കി
നിൽക്കാനായില്ല..രാജൻ എഴുന്നേറ്റു നിന്നു.അവൻെറ
മാനസികനില തകിടം മറിഞ്ഞു,കാലുകൾകുഴഞ്ഞു,ശരീരം
വിറച്ചു,കണ്ണുകളിലേക്ക് ഇരുട്ട് പടർന്നു..,ഒരു നിമിഷം
വൈകിയില്ല..അവനും ജലത്തിലേക്കുളിയിട്ടു...'അവിടെ ആ
കുട്ടിയുടെ "..അച്ഛാ..."എന്ന വിളിയുടെ മുഴക്കം..."

# By

## *RASHIDA K. A*



# ഗോപി

*ഗോപി ഒരു പാവപ്പെട്ട വീട്ടിലെ കുട്ടിയാണ്.അവൻ പഠിത്തിത്തിൽ പിറകോട്ടാണ്.അവനെ കൂട്ടുകാർ  കളിയാക്കാറുണ്ട്.അവൻെറ ഈ സ്വഭാവത്താൽ ടീച്ചറുടെ പ്രിയപ്പെട്ടവനാണവൻ.ഒരു ദിവസം സ്കൂൾ വിട്ട് റോഡ് മുറിച്ച് കടക്കാൻ നിൽക്കുമ്പോൾ പെട്ടെന്ന് റോഡിലേക്ക് ഒരുപൂച്ച തെറിച് വീണു.അതിനെ റോഡിലൂടെ പോകുന്ന എം.എൽ.എയുടെ വാഹനം ഇടിച്ചു.രക്തം വാർന്ന് കിടക്കുന്ന പൂച്ചയെ ഗോപിയുടെ ജീവൻ നോക്കാതെ അവൻ  രക്ഷിച്ചു.പൂച്ചയെ നോക്കാതെ പോയ എം.എൽ.എയുടെ വാഹനം നിർത്തിയപ്പോഴാണ് ഈ കാഴ്ച്ച കൺടത്.ഈ കാഴ്ച്ച കൺടതും അവർ ലജ്ജിച്ച്  തലതാഴ്ത്തി. ഗോപിയുടെ ഈ പ്റവർത്തിയിൽ അവർ അഭിമാനിച്ചു. ഗോപിക്ക് എം.എൽ.എ ഒരു വലിയ ചടങിൽ വച്ച് സനേഹ സമ്മാനം നൽകി.അങനെ അവൻെറ ചീത്തപ്പേര് മാറി.*

*BY*
***murshida .***




JUNIOR RED CROSS
UNIT NO:219
GHSS PERUMBAVOOR
ghsspbvr@gmail.com
02-12-19 10:47
AIDS ദിനം
WORLD AIDS DAY
02-12-19 10:46


JUNIOR RED CROSS


ജി.എച്ച്.എസ്.എസ്.പെരുമ്പാവൂർ
അഭിനന്ദങ്ങൾ
റിദാമോൾ
X-A

## ജീവിതയാത്രയിലൂടെ

ഒരിക്കൽ ഗുരു തന്റെ ശിഷ്യൻ
മാരോട്ടു പറഞ്ഞു നിങ്ങൾ ആരോടൊക്കെയാ
ണോ ദേഷ്യം മനസ്സിൽ വച്ച് സൂക്ഷിക്കുന്നത്,
ആരോടൊക്കെയണോ ശത്രുത മനസ്സിൽ കരു
തുന്നത് അവരുടെ പേരുകൾ ഒരോ ഉരളക്കിഴ
ങ്ങിൽ എഴുതുവിൻ ശിഷ്യൻമാർ ഒരോ ഉരളക്കി
ഴങ്ങുമായെത്തി.ഈ ഉരളക്കിഴങ്ങ് നിങ്ങൾ
പോവുന്നിടത്തെല്ലാം കൊണ്ട് പോവുക,ഗുരു
കൽപ്പിച്ചു.ശിഷ്യൻമാർ അതേപ്പടി അനുസരി
ച്ചു.കുറെ ദിവസം അവർ ഉരുളക്കിഴങ്ങുമായി സ
ഞ്ചരിച്ചു.ദിവസങ്ങൾ കഴിയുന്തോറും ഉരുളക്കിഴ
ങ്ങ് ചീന്തയാവാനും അവയിൽ നിന്ന് ദിർഗ
ന്ധം വമിക്കുവാനും തുടങ്ങി.അത് നിങ്ങൾ
ഓരോരുത്തരെയും.മറ്റുളളവരെയും
ബുദ്ധിമുട്ടിലാ
ഴ് ത്തി.അവസാനം ശിഷ്യൻമാർ ഗുരുവിനോട്
അപേക്ഷിച്ചു ഇതുമായി നടന്ന ഞാങ്ങളെ

ആരും ഇഷ്ടപ്പെടുകയോ.അടുത്ത ഇരിക്കുവാൻ
അനുവദിക്കുകയോ ചെയ്യുന്നില്ല അതിനാൽ
ഇതൊന്ന് ഒഴിവാക്കി തരണം.ഗുരു അതൊഴി
വാക്കി കൊടുത്തു.
ശത്രുത മനോഭാവം നമ്മുടെ മനസ്സിൽ
കൊണ്ട് നടന്നാൽ ഇതായിരിക്കും നമ്മുടെ
ഒരോരുത്തരുടെയും അവസ്ഥ ഗുരു ഓർമ്മപ്പെടു
ത്തി.ഈ ഗുണപാഠകഥ നിങ്ങൾ ഓരോരുത്തരു
ടെയും ജീവിതത്തിൽ പ്രാവർത്തികമാക്കാൻ
നിങ്ങൾക്ക് കഴിയണം.കുട്ടികൾ എല്ലാം പരസ്പ
രം സ്നേഹിക്കാവാനും നേർവഴിക്ക് നയിക്കുവാ
നും അതുവഴി ജീവിതത്തിൽ ഉയർച്ചയും,സ
ന്തോഷവും ഉള്ളവരായിമാറുവാൻ കഴിയും
എന്ന അവസരത്തിൽ ഓർമപ്പെടുത്തുന്നു.നമ്മ
ളിലുള്ള നന്മതിന്മകൾ നമ്മളെ മറ്റുള്ളവർക്ക്
പ്രിയപ്പെട്ടവരും,ആക്കി  മാറ്റുന്നു.അതുകൊണ്ട്
മലിനമാവാതെ നാളെത്തെ തലമുറയുടെ പുത്ത
ൻ വാഗ്ദാനങ്ങൾ ആയി മാറാൻ ദൈവം നിങ്ങളെ
സഹിക്കട്ടെ എന്ന് ആശംസിക്കുന്നു.



*Santhi Rajan*

*Counsellor*

# നന്ദി

വളരെ കുറച്ച് ദിവസത്തെ പ്രയത്നത്തിന്റെ ഫലമായി ഈ  പതിപ്പ് പുറത്തിറക്കാൻ സാധിച്ചത്തിൽ ഏറെ സന്തോഷം.പതിവ് മാസികകളിൽ നിന്നും വ്യത്യസ്ത പുലർത്തണം എന്ന വിചാരിച്ചിട്ടുണ്ടെങ്കിലും പോരായ്മകൾ ഉണ്ടാകാം.അവയെല്ലാം സദയം ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു.ഇതിന്റെ പുറമേ പ്രവർത്തിച്ച എല്ലാവർക്കും എല്ലാവിധ ഭാവങ്ങളും നേരുന്നു.

*Shajeena M A*

*L K Mistress*

